വൈദ്യുതി ഉൽപ്പാദനത്തിലുള്ള കുറവ്

97 (3498)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം കുറഞ്ഞുവരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം കുറഞ്ഞുവരുന്നില്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അതായത് 1997 ഏപ്രിൽ മുതൽ 1998 മാർച്ച് വരെ 5073.93 മില്യൻ യൂണിറ്റും 1998 ഏപ്രിൽ മുതൽ 1999 മാർച്ച് വരെ 7348.68 മില്യൺ യൂണിറ്റും ആയിരുന്നു സംസ്ഥാനത്തെ ജലവൈദ്യുതി ഉൽപ്പാദനം. 1999 ഏപ്രിൽ മുതൽ 2000 മാർച്ച് 23 വരെയുള്ള ജലവൈദ്യുതി ഉൽപ്പാദനം 6881.75 മില്ല്യൻ യൂണിറ്റാണ്. മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സംസ്ഥാനത്തെ റിസർവോയറുകളിലെ ജലവൈദ്യുതലഭ്യത കുറവായതിനാലാണ് ജലവൈദ്യുതി ഉൽപ്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞത്.

ഓയൂരിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ അനുവദിക്കുന്നതിന് നടപടി

98 (3499)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കുണ്ടറ ഇലക്ട്രിക്ക് ഡിവിഷന്റെ പരിധിയിലുള്ള ഓയൂരിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഓയൂരിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വെളിയം മേജർ സെക്ഷൻ വിഭജിച്ച് ഓയൂരിൽ ഇപ്പോൾ നിലവിലുള്ള സബ്എഞ്ചിനീയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ നിലവിലുള്ള വെളിയം മേജർ സെക്ഷൻ വിഭജിച്ച് ഓയൂരിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ ആവശ്യമായ ഉപഭോക്താക്കൾ ഇല്ലെന്നാണ് കണ്ടെത്തിയത്. ഈ സാഹചര്യത്തിൽ ഓയൂരിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly